21 JAN 2015

കേരള സർക്കാർ

*സംഗ്രഹം*

വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - വ്യാവസായിക പരിശീലന വകുപ്പിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ പ്രതിഫലം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (എം.എസ്) നം. 162/2014/തൊഴിൽ — തിരുവനന്തപുരം, തീയതി 27.12.2014

---

പരാമർശം- 1. 3.11.10 ലെ സ.ഉ (എം.എസ്) 127/10/തൊഴിൽ നമ്പർ ഉത്തരവ്.

2. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ 26.4.2012 ലെ എ 2/3682/2012 നമ്പർ കത്ത്.

## ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ഐ.ടി.ഐ.-കളിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാർക്ക് നൽകിവരുന്ന പ്രതിമാസവേതനം പരാമർശം 1 ലെ ഉത്തരവു മുഖേന 10,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. എന്നാൽ ടി വേതനം നിത്യജീവിത ചെലവുകൾക്ക് മതിയാകാതെ വരുന്ന സാഹചര്യത്തിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം മണിക്കൂറിന് 150/- രൂപ നിരക്കിൽ പരമാവധി 15000/-രൂപയാക്കി നിജപ്പെടുത്തിക്കൊണ്ട് ഉത്തരവാകണമെന്ന് പരാമർശിത കത്തു മുഖേന ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 ലെ ഉത്തരവ് അതിലംഘിച്ചുകൊണ്ട് വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള ഐ.ടി.ഐ. കളിൽ നിയമിക്കപ്പെടുന്ന ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ വേതനം, പരമാവധി മാസവേതനം 14000/-രൂപയിൽ കവിയരുത് എന്ന നിബന്ധനയോടെ വേതനം, മണിക്കൂറിന് 140/-രൂപയാക്കി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സി.എം. അജയ മോഹൻ,
അണ്ടർ സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഡി.ബി. സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (26.11.2014 ലെ 67599/H&L-B1/14/Fin. പ്രകാരം)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.(പരസ്യപ്പെടുത്തുന്നതിനായി)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി )
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

**Endorsement No.A8/2853/15**

Directorate of Training,
KSHB Building,
Santhi Nagar,
Trivandrum – 01
Date: 22.1.2015.

Copy communicated to all Sub Officers for information & further necessary action.

for Director of Training
Joint Director of Training

Copy to:- All Unit Officers,
A8 (Stock File), Website

R/22/1/15